"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിൽ എക്സ്റ്റൻഷൻ ഓഫീസർ (ഐ.ആർ.ഡി) ആയിരിക്കെ സർവ്വീസിൽ നിന്നും വിരമിച്ച ശ്രീ.എൻ.എം.രാജിന് ഡി.സി.ആർ.ജി നൽകുന്നതിൽ കാലതാമസം വന്നതിൽ സർക്കാരിനുണ്ടായ സാമ്പത്തിക ബാദ്ധ്യത അന്നത്തെ അഴുത ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ ശ്രീ.പി.ജെ.ആന്റണിയിൽ നിന്നും ഈടാക്കുന്ന നടപടി ഒഴിവാക്കിക്കൊണ്ടും, പ്രസ്തുത തുക എഴുതിതള്ളുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇ.ആർ.ബി) വകുപ്പ്

സ.ഉ.(സാധാ) നം.998/2026/LSGD തീയതി,തിരുവനന്തപുരം, 12-05-2026

പരാമർശം:-

1. ധനകാര്യ (പെൻഷൻ-സി) വകുപ്പിന്റെ 30-11-1999-ലെ 73/99/ധന നമ്പർ സർക്കുലർ
2. സ.ഉ (അ) നം.102/2017/ധന തീയതി.07-08-2017
3. സ.ഉ (സാധാ) നം.169/2021/ത.സ്വ.ഭ.വ തീയതി.21-01-2021
4. ശ്രീ.പി.ജെ അന്റണി സമർപ്പിച്ച 16-06-2023-ലെ അപേക്ഷ
5. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 26-09-2024-ലെ LSGD/PD/20138/2023-DEB4 നമ്പർ കത്ത്.

ഉത്തരവ്

പാലക്കാട് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിൽ എക്സ്റ്റൻഷൻ ഓഫീസർ (ഐ.ആർ.ഡി) ആയി 31-05-1999-ന് വിരമിച്ച ശ്രീ.എൻ.എം.രാജിന്റെ ബാദ്ധ്യതയായി നിശ്ചയിച്ചിരുന്ന 9581/- രൂപ കുറച്ചശേഷമുള്ള ഡി.സി.ആർ.ജി തുകയായ 78463/- രൂപയ്ക്ക് 01-09-1999 മുതൽ 04-10-2025 വരെ 7% നിരക്കിൽ നൽകേണ്ട പലിശയായ 33473/-രൂപ അനുവദിക്കുന്നതിനും, കൂടാതെ പരാമർശം (1) പ്രകാരമുള്ള സർക്കാർ നിർദ്ദേശം പാലിക്കാതെ ടിയാന് ബാദ്ധ്യത സർട്ടിഫിക്കറ്റ് നൽകിയ അന്നത്തെ അഴുത ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറിൽ നിന്നും സർക്കാരിന് അധികമായി നൽകേണ്ടി വന്ന തുക ഈടാക്കുന്നതിനും ഗ്രാമവികസന കമ്മീഷണർക്ക് അനുമതി നൽകിക്കൊണ്ട് പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

2) അഴുത ബ്ലോക്കിൽ ഇന്റേണൽ ഓഡിറ്റ്/അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് ടീം നടത്തിയ പരിശോധനയിൽ ശ്രീ.എൻ.എം.രാജ്-ന് 86,020/- രൂപയുടെ ബാധ്യതയുള്ളതായി രേഖപ്പെടുത്തുകയും ആയതു റിപ്പോർട്ട് ചെയ്യുക മാത്രമാണ് ഓഫീസ് മേധാവി എന്ന നിലയിൽ താൻ ചെയ്തിട്ടുള്ളത് എന്നും, അത് പിന്നീട് നൽകിയ വിശദീകരണങ്ങൾ പ്രകാരം 9581/- രൂപയായി മാറുമെന്ന് ആ സമയം കരുതാനാകില്ലായെന്നും, ആകയാൽ ഓഡിറ്റ് ടീം റിപ്പോർട്ട്

ചെയ്തതിൻ പ്രകാരം ഉത്തമ വിശ്വാസത്തോടെ ബാദ്ധ്യതാ സാക്ഷ്യപത്രം നൽകി എന്ന കാരണത്താൽ തുടർനടപടികൾ സ്വീകരിക്കുന്നതിൽ നിന്നും തന്നെ ഒഴിവാക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് പരാമർശം (4) പ്രകാരം ശ്രീ.പി.ജെ.ആന്റണി സമർപ്പിച്ച അപേക്ഷയിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിനായി പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (5) പ്രകാരം സർക്കാറിൽ പ്രൊപ്പോസൽ ലഭ്യമാക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ സാഹചര്യത്തിൽ പാലക്കാട് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിൽ എക്സ്റ്റൻഷൻ ഓഫീസർ (ഐ.ആർ.ഡി) ആയിരിക്കെ സർവ്വീസിൽ നിന്നും വിരമിച്ച ശ്രീ.എൻ.എം.രാജിന് ഡി.സി.ആർ.ജി നൽകുന്നതിൽ കാലതാമസം വന്നതിൽ സർക്കാരിനുണ്ടായ സാമ്പത്തിക ബാദ്ധ്യത തുകയായ 33,473/-(മുപ്പത്തി മൂവായിരത്തി നാന്നൂറ്റി എഴുപത്തി മൂന്ന് രൂപ മാത്രം) അതിന് ഉത്തരവാദിയായ അന്നത്തെ അഴുത ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറായ ശ്രീ.പി.ജെ.ആന്റണിയിൽ നിന്നും ഈടാക്കുന്ന നടപടിയിൽ നിന്നും ടിയാനെ ഒഴിവാക്കിക്കൊണ്ടും, ടി തുക പരാമർശം (2) പ്രകാരമുള്ള ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം എഴുതിത്തള്ളുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

റഷീദാ എസ്

ജോയിന്റ് സെക്രട്ടറി

1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
2) ശ്രീ.പി.ജെ ആന്റണി, മുൻ അഴുത ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ (പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തരം)
3) ധനകാര്യ (ഡെവലപ്മെന്റ്) വകുപ്പ് (1588191/Dev-3(WW1)/132/2020-FIN തീയതി 24-7-2026 പ്രകാരം)
4) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) /ആഡിറ്റ്,കേരള,തിരുവന്തപുരം
5) വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
6) സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Rajesh Kumar. C
Date: 12-05-2026 16:49:40

സെക്ഷൻ ഓഫീസർ